## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6192** **09-07-2024 - ൽ മറുപടിയ്ക്ക്**

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ കൺസ്ട്രക്ഷൻ പണികൾ ഏകദേശം 91% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>തുറമുഖ പദ്ധതിക്കാവശ്യമായ യന്ത്ര സാമഗ്രികൾ 32 ക്രെയ്നുകളും, 4 ടഗ്ഗ് ബോട്ടുകൾ, 02 മൂറിംഗ് ലോഞ്ചുകളും, 01 പൈലറ്റ് കം സർവ്വേ വെസ്സൽ എന്നിവയാണ്. 32 ക്രെയിനുകളിൽ 8 ഷിപ് ടു ഷോർ ക്രെയിനുകളും 23 യാർഡ് ക്രെയിനുകളും സ്ഥാപിച്ചു. ഇനി ഒരു യാർഡ് ക്രെയിൻ ലഭ്യമാകാനുണ്ട്. ടഗ്ഗ് ബോട്ടുകൾ എല്ലാം തന്നെ ലഭ്യമായിട്ടുണ്ട്. മൂറിംഗ് ലോഞ്ചുകളുടെ ഫാബ്രിക്കേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. പൈലറ്റ് കം സർവ്വേ വെസ്സൽ ലഭ്യമായിട്ടുണ്ട്.<br><br>മറ്റുള്ള ഘടകങ്ങളായ യുട്ടിലിറ്റീസ് & റോഡ് എന്നിവ ഏകദേശം 75% പൂർത്തീകരിച്ചിട്ടുണ്ട്. യുദ്ധകാല അടിസ്ഥാനത്തിൽ അവയുടെ പുരോഗതി മുന്നോട്ട് നീങ്ങുന്നുണ്ട്. തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ 800 മീറ്റർ നീളമുള്ള ബർത്തിന്റെ ആദ്യത്തെ 400 മീറ്റർ നീളത്തിൽ 2024 ജൂലൈ മാസത്തിൽ ട്രയൽ റൺ ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തന ങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ അനുമതികളും നേടി തുറമുഖത്തിന്റെ ഒന്നാം ഘട്ടം 2024 ഒക്ടോബർ - ഡിസംബർ മാസങ്ങൾക്കിടയിൽ പൂർണമായി വാണിജ്യ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുവാനുമാണ് ഉദ്ദേശിക്കുന്നത് |
| (ബി) | തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ | (ബി) | ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ വ്യവസ്ഥ പ്രകാരം AVPPL 2028 ഡിസംബറിന് മുമ്പ് തന്നെ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങളുടെ |

| | | | |
|---|---|---|---|
| | ഭാഗമായി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | | നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർ ഘട്ടങ്ങളുടെ പദ്ധതിച്ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത തുക പൂർണ്ണമായും AVPPL വഹിക്കുന്നതു മാണ്.<br><br>തുടർ ഘട്ടങ്ങൾക്ക് പാരിസ്ഥിതികാനുമതി ലഭിക്കു ന്നതിനായി പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനായുള്ള Terms of Reference (ToR)-ന് 2023 ഒക്ടോബറിൽ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിൽ (MoEF) നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തി കരട് EIA റിപ്പോർട്ട് Kerala State Pollution Control Board മുമ്പാകെ പബ്ലിക് ഹിയറിംഗ് നടത്തുന്നതിനായി സമർപ്പിക്കുകയും, 2024 ജൂൺ 19-ന് പബ്ലിക് ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>തുടർ ഘട്ടങ്ങളുടെ നിർമ്മാണ മേൽനോട്ടത്തിനും ഒന്നാം ഘട്ടത്തിന്റെ പ്രവർത്തന മേൽനോട്ടത്തിനു മായി പുതിയ ഇൻഡിപെൻഡന്റ് എഞ്ചിനീയറെ നിയമിക്കേണ്ടതുണ്ട്. പുതിയ ഇൻഡിപെൻഡന്റ് എഞ്ചിനിയറെ കണ്ടെത്തുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) | തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ അനുബന്ധ വികസന പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളത്; വിശദമാക്കുമോ? | (സി) | സീഫുഡ് പാർക്ക് (Seafood Park), Logistic warehouse, തുറമുഖ അടിസ്ഥാന വ്യാവസായിക ഇടനാഴി (port based industrial corridor) / Maritime cluster, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ് തുടങ്ങിയവയും ഉള്ള പദ്ധതികൾ കൊണ്ടുവരാൻ ശ്രമം നടന്നു കൊണ്ടിരിക്കുന്നു. കൂടാതെ തുറമുഖത്തെ ബന്ധിപ്പിക്കുന്ന ORR ഉം അനുബന്ധ OAGC യും മറ്റൊരു സംരംഭമാണ്. |

സെക്ഷൻ ഓഫീസർ